പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2587 20/06/2013 - ൽ മറുപടിയ്ക്ക്

## പൊതു വിദ്യാഭ്യാസ മേഖല യു.ഐ.ഡി. അധിഷ്ഠിതമാക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി. ഉബൈദുള്ള | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന പൊതു വിദ്യാഭ്യാസ മേഖല പൂർണ്ണമായും യു.ഐ.ഡി. അധിഷ്ഠിതമാക്കുന്നതിന്റെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | സംസ്ഥാന പൊതുവിദ്യാഭ്യാസ മേഖല പൂർണ്ണമായും യു.ഐ.ഡി. അധിഷ്ഠിതമാക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. പൊതുവിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്ന 3609058 വിദ്യാർത്ഥികളിൽ 2357722 വിദ്യാർത്ഥികൾക്ക് യു.ഐ.ഡി. യും 1192352 വിദ്യാർത്ഥികൾക്ക് ഇ.ഐ.ഡി.യും ലഭ്യമായിട്ടുണ്ട്. |
| (ബി) | യു.ഐ.ഡി. ലഭിക്കാത്തതു മൂലം വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട വിവിധ സ്കോളർ ഷിപ്പുകൾ മുടങ്ങിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | യു.ഐ.ഡി. ലഭിക്കാത്തതു മൂലം വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട വിവിധ സ്കോളർ ഷിപ്പുകൾ മുടങ്ങിക്കിടക്കുന്ന സാഹചര്യം നിലവിൽ ഇല്ല. |
| (സി) | എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | സ്കൂൾ അധികൃതർ വെബ് | (ഡി) | നിലവിൽ ഈ സൗകര്യം |

| | | | |
|---|---|---|---|
| | സൈറ്റിൽ രേഖപ്പെടുത്തിയ വിവരങ്ങളിൽ ആവശ്യമായ തിരുത്തലുകൾ വരുത്താൻ സൗകര്യമൊരുക്കുമോ; | | ലഭ്യമാണ്. |
| (ഇ) | യു.ഐ.ഡി. ലഭിക്കാത്ത വിദ്യാർത്ഥികളുടെ പേര് വിവരങ്ങൾ സൈറ്റിൽ പ്രസിദ്ധീകരിക്കുമോ? | (ഇ) | വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരം സ്വകാര്യമായതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിൽ വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുണ്ട്. എന്നാൽ സ്കൂൾ അധികൃതർക്ക് അവരവരുടെ സ്കൂളിലെ യു.ഐ.ഡി. ലഭിക്കാത്ത വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. |

Sreedevi

സെക്ഷൻ ഓഫീസർ